"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ട് പാളയം റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 481/2010 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1720/2024/LSGD — തീയതി, തിരുവനന്തപുരം, 18-09-2024

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 13/02/2014-തീയതിയിലെ എൽ.എ.ആർ. 481/2010 ഉൾപ്പടെയുള്ള വിവിധ എൽ.എ.ആർ. കേസുകളിന്മേലുള്ള പൊതു വിധിന്യായം.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28/12/2014 -ലെ കെ9/103576/14 നമ്പർ നടപടിക്രമം.
3. സ.ഉ.(പി) നം.32/2019/ധന തീയതി 18.03.2019.
4. തലസ്ഥാന നഗര വികസന അതോറിറ്റി സെക്രട്ടറിയുടെ 12/09/2023-ലെ എസ്.3/2643/2010/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി തൈക്കാട് വില്ലേജിൽ ശ്രീ. ബി. ശങ്കരന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 0.13 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 481/2010 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 67,79,815/- രൂപ (അറുപത്തിയേഴ് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റിപ്പതിനഞ്ച് രൂപ മാത്രം) അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2354/1-1-1 (Re. Sy.No. 2354/3) -ൽ ഉൾപ്പെട്ടതും ശ്രീ. ശങ്കരൻ (S/o ഭഗവതി ചെട്ടിയാർ, T. C. 38/227, ബാബു ഭവൻ, ചാല പി. ഒ., തിരുവനന്തപുരം 695 014) എന്നയാളുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.13 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 481/2010 നമ്പർ കേസിലെ ബാലൻസ്

വിധിക്കടത്തുകയായ 67,79,815/- രൂപ (അറുപത്തിയേഴ് ലക്ഷത്തി എഴുപത്തിയൊമ്പതിനായിരത്തി എണ്ണൂറ്റിപ്പതിനഞ്ച് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ശങ്കരന് '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീ. ശങ്കരൻ, S/o ഭഗവതി ചെട്ടിയാർ, T.C.38/227, ബാബു ഭവൻ, ചാല പി.ഒ., തിരുവനന്തപുരം 695 01. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/179/2024/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 19-09-2024 17:35:27
സെക്ഷൻ ഓഫീസർ